# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**സണ്ണി എം. സി**
**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്ജ്)**
**ഫോൺ: 0481 2731020, 2732650,**
**മൊബൈൽ: 9446561939**

**പി.ആർ.ഒ/35/199/2016** **പത്രക്കുറിപ്പ്** **2016 സെപ്തംബർ 17**

**പരീക്ഷകൾക്ക് മാറ്റമില്ല**
സെപ്തംബർ 19ന് (തിങ്കളാഴ്ച) നടത്തുവാൻ നിശ്ചയിച്ചിരുന്ന പരീക്ഷകൾക്ക് മാറ്റം ഉണ്ടായിരിക്കുന്നതല്ല.

**ഓണാവധിയ്ക്ക് ശേഷം കോളജുകൾ 20ന് തുറക്കും**
സർവ്വകലാശാലയുടെ കീഴിലുള്ള ഓട്ടോണമസ് കോളജുകൾ ഉൾപ്പെടെയുള്ള അഫിലിയേറ്റഡ് കോളജുകളും, സർവ്വകലാശാല ഡിപ്പാർട്ട്മെന്റുകളും ഓണാവധിയ്ക്ക് ശേഷം സെപ്തംബർ 20ന് തുറന്നു പ്രവർത്തിക്കും.

**പരീക്ഷാ തീയതി**
മൂന്നാം വർഷ ബി.എസ്.സി നഴ്സിങ് ( പുതിയ സ്കീം – 2013 അഡ്മിഷൻ റഗുലർ, 2013ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ഒക്ടോബർ 14 മുതൽ നടത്തും. അപേക്ഷകൾ പിഴകൂടാതെ സെപ്തംബർ 26 വരെയും 50 രൂപ പിഴയോടെ 27 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 29 വരെയും സ്വീകരിക്കും. റഗുലർ അപേക്ഷകർ 100 രൂപയും, വീണ്ടുമെഴുതുന്നവർ ഓരോ പേപ്പറിനും 20 രൂപ വീതവും സി.വി ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാ ഫീസിന് പുറമെ അടയ്ക്കണം.

**എം.എസ്.സി ഫിഷറീസ് ബയോളജി ആന്റ് അക്വാകൾച്ചർ കോഴ്സിന് അപേക്ഷിക്കാം**
എം.ജി സർവ്വകലാശാലയുടെ പത്തനംതിട്ട സ്കൂൾ ഓഫ് അപ്ലൈഡ് ലൈഫ് സയൻസസിൽ എം.എസ്.സി ഫിഷറീസ് ബയോളജി ആന്റ് അക്വാകൾച്ചർ കോഴ്സിലേക്ക് സെപ്തംബർ 28 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക് ഫോൺ 0468–2323957, 9446705344.

**ഡിസെർട്ടേഷനും വൈവാ വോസിയും**
നാലാം സെമസ്റ്റർ എം.എ ഇക്കണോമിക്സ്, ഇംഗ്ലീഷ്, ഹിസ്റ്ററി (റഗുലർ – സി.എസ്.എസ് /പ്രൈവറ്റ്/പ്രൈവറ്റ് സപ്ലിമെന്ററി/മേഴ്സി ചാൻസ്) എന്നീ വിഷയങ്ങളുടെ ഡിസെർട്ടേഷൻ ഇവാലുവേഷൻ, വൈവാ വോസി തീയതികൾ പുതുക്കി നിശ്ചയിച്ചു. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ് സൈറ്റിൽലഭിക്കും. എം.എ പൊളിറ്റിക്സ് വിഷയത്തിന്റെ വൈവാ വോസി മുൻകൂട്ടി നിശ്ചയിച്ച തീയതിയിൽ തന്നെ നടത്തും.

**പ്രോജക്ട് ഇവാലുവേഷനും വൈവാ വോസിയും**
നാലാം സെമസ്റ്റർ എം.എസ്.സി സ്റ്റാറ്റിസ്റ്റിക്സ്, എം.എസ്.സി അപ്ലൈഡ് സ്റ്റാറ്റിസ്റ്റിക്സ് വിത്ത് കംപ്യൂട്ടർ ആപ്ലിക്കേഷൻ (സി.എസ്.എസ് – റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ പ്രോജക്ട് ഇവാലുവേഷനും വൈവാ വോസിയും സെപ്തംബർ 20 മുതൽ അതത് സെന്ററുകളിൽ വച്ച് നടത്തും. വിശദ വിവരങ്ങൾ സർവ്വകലാശല വെബ് സൈറ്റിൽ ലഭിക്കും.

**പുതുക്കിയ വൈവാ വോസി തീയതി**
സെപ്തംബർ 20, 22 തീയതികളിൽ എറണാകുളം മഹാരാജാസ് കോളജിൽ വച്ച് നടത്തുവാൻ നിശ്ചയിച്ചിരുന്ന എം.എ മലയാളം മൂന്നും നാലും സെമസ്റ്റർ/രണ്ടാം വർഷ റഗുലർ/സപ്ലിമെന്ററി/മേഴ്സി ചാൻസ് – പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർത്ഥികളുടെ വൈവാ വോസി സെപ്തംബർ 29ന് നടത്തുന്നതിനായി പുനഃക്രമീകരിച്ചു. പരീക്ഷാ കേന്ദ്രത്തിന് മാറ്റമില്ല.

**പരീക്ഷാ ഫലം**
2016 ഏപ്രിൽ മാസം നടത്തിയ രണ്ടാം വർഷ ബി.എസ്.സി എം.എൽ.റ്റി (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്തംബർ 27 വരെ അപേക്ഷിക്കാം.

**എം.എഫ്.എ കോഴ്സിന് അപേക്ഷിക്കാം**
തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സ് കോളജിൽ 2016–17 അദ്ധ്യയന വർഷത്തെ എം.എഫ്.എ കോഴ്സിന് സെപ്തംബർ 23 വരെ അപേക്ഷിക്കാം. ബന്ധപ്പെട്ട വിഷയത്തിൽ 50 ശതമാനം മാർക്കോടെ ബി.എഫ്.എ പാസായിരിക്കണം. റാങ്ക് ലിസ്റ്റ് 27ന് പ്രസിദ്ധീകരിക്കുന്നതും, പ്രവേശനം ഒക്ടോബർ 7ന് നടത്തുന്നതുമാണ്. ക്ലാസുകൾ ഒക്ടോബർ 13ന് ആരംഭിക്കും. നവംബർ 1ന് പ്രവേശന നടപടി അവസാനിക്കും.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്ജ്)**